Deshabhimani 29.12.2017

# മറയൂർ ശർക്കരയ്ക്ക് ഭൂപ്രദേശ സൂചികാപദവി ഉടൻ

**തൃശൂർ** > മറയൂർ ശർക്കരയ്ക്ക് ഭൂപ്രദേശ സൂചികാപദവി ലഭ്യമാക്കാനുള്ള ഒരുക്കങ്ങൾ അന്തിമഘട്ടത്തിലേക്ക്. ഇതിനുള്ള അപേക്ഷ എത്രയും വേഗം നൽകാൻ മന്ത്രി വി എസ് സുനിൽ കുമാറിന്റെ അധ്യക്ഷതയിൽ കാർഷിക സർവകലാശാലയിൽ ചേർന്ന ഉന്നതതല യോഗം തീരുമാനിച്ചു.

കഴിഞ്ഞവർഷം കാന്തല്ലൂരിൽ സംഘടിപ്പിച്ച ശിൽപ്പശാലയിലാണ് മറയൂർ ശർക്കരക്ക് ഭൂപ്രദേശ സൂചിക പദവി ലഭ്യമാക്കണമെന്ന നിർദേശം ഉയർന്നത്. കൃഷി മന്ത്രിയുടെ നിർദേശാനുസരണം കാർഷിക സർവകലാശാല ഇതിനുള്ള നടപടി ആരംഭിച്ചു. കൃഷി വകുപ്പിന്റേയും കാന്തല്ലൂർ- മറയൂർ മേഖലയിലെ ശർക്കര ഉൽപ്പാദകരുടേയും കർഷകരുടേയും പിന്തുണയോടെ സർവകലാശാലയുടെ ബൗദ്ധിക സ്വത്തവകാശ സെൽ നടത്തുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

ജനു. നാലിന് കരിമ്പുകർഷകരുടെയും ശർക്കര ഉൽപ്പാദകരുടെയും സംഗമം നടത്തും. കാർഷിക സർവകലാശാലാ വൈസ് ചാൻസലർ ഡോ.ആർ ചന്ദ്രബാബു, ഗവേഷണ ഡയറക്ടർ ഡോ. പി ഇന്ദിരാദേവി, ബൗദ്ധിക സ്വത്തവകാശ സെൽ കോ-ഓർഡിനേറ്റർ ഡോ. സി ആർ എൽസി, മറയൂർ കർഷക പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. പൊക്കാളി, ജീരകശാല, ഗന്ധകസാല എന്നീ അരി ഇനങ്ങൾ, ചെങ്ങാലിക്കോടൻ നേന്ത്രൻ, വാഴക്കുളം പൈനാപ്പിൾ തുടങ്ങിയവയ്ക്ക് ഭൂപ്രദേശ സൂചികപദവി നേരത്തേ കാർഷിക സർവകലാശാലാ ബൗദ്ധിക സ്വത്തവകാശ സെൽ ലഭ്യമാക്കിയിരുന്നു.